"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ല - ചോറോട് ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് കാര്യാലയം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1370/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

പരാമർശം:-

1. ചോറോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 07.02.2025 ലെ 12/48/2025 നമ്പർ തിരുമാനം, 22.06.2022 തീയതിയിലെ 2/2/2022 നമ്പർ തീരുമാനം
2. ചോറോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/09/25 തീയതിയ ിലെ SC3-6728/2025 നമ്പർ കത്ത്
3. കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ 16/10/2025 തീയതിയിലെ LSGD/JD/KKD/4983/2025-A1 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2026 തീയതിയിലെ LSGD/PD/21940/2025-AR2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ചോറോട് ഗ്രാമപഞ്ചായത്ത് ഓഫീസ് ചോറോട് റവന്യൂ വില്ലേജിലെ റീ.സ 24/2 ൽ ഉൾപ്പെട്ട പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്ന് ചോറോട് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊള്ളുകയുണ്ടായി.

നിലവിലെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽനിന്നും ഏകദേശം 1.5 കി മീറ്റർ ദൂരത്തിൽ 14/433 H നമ്പർ പുതിയ കെട്ടിടം സ്ഥിതി ചെയ്യുന്നതായും, സ്ഥലം ചോറോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്നും ചോറോട് റവന്യൂ വില്ലേജിലെ റീ.സ 24/2 ൽ ഉൾപ്പെട്ട ടി സ്ഥലം ചോറോട് പോസ്റ്റ് ഓഫീസ് പരിധിയിലാണ് സ്ഥിതി ചെയ്യുന്നത് എന്നും ആവശ്യമായ വൈദ്യുതി, കുടിവെള്ളം, വാഹന ഗതാഗത സൗകര്യം എന്നിവ ഉള്ളതായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ചോറോട് ഗ്രാമപഞ്ചായത്ത് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന്

അനുമതിയ്ക്കായി പരാമർശം (2) പ്രകാരം ചോറോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൻമേൽ ഓഫീസും ഘടക സ്ഥാപനങ്ങളും പ്രവർത്തിക്കുവാൻ പുതിയ കെട്ടിടം അനുയോജ്യമാണെന്ന പരാമർശം (3) പ്രകാരമുള്ള കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ ദേശീയ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ചോറോട് ഗ്രാമപഞ്ചായത്ത് ഓഫീസ് നിലവിലെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും എകദേശം 1.5 കി മീറ്റർ ദൂരത്തിൽ 14/433 H നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്
സെക്രട്ടറി, ചോറോട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 29-07-2026
10:58:35
സെക്ഷൻ ഓഫീസർ